# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 354 08.02.2016-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ റാങ്ക് ലിസ്റ്റ്**

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2016 മാർച്ച് 31 ന് കാലാവധി അവസാനിക്കുന്ന കെ.എസ്.ആർ. ടി.സി അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ; | (എ) | 99 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 4 എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | നിയമന ഉത്തരവ് നൽകിയിട്ടുള്ള സുജിത്ത് കുമാർ ഉത്തരവിന്റെ കാലാവധി കഴിഞ്ഞിട്ടും ജോലിയിൽ പ്രവേശിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) യും (സി) യും | ഉണ്ട്. പ്രസ്തുത ഒഴിവ് എൻ.ജെ.ഡി ആയി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ; | | |
| (ഡി) | റാങ്ക് ലിസ്റ്റിൽ ഓപ്പൺ കാറ്റഗറിയിൽ 90-ാം റാങ്കുള്ള തുറവൂർ പഞ്ചായത്തിൽ പാലമറ്റം വീട്ടിൽ ലിന്റോ പൗലോസ് നിയമനം ലഭിക്കുന്നതിനും പി.എസ്.സി ക്ക് വേക്കൻസി റിപ്പോർട്ട് ചെയ്യുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ; | (ഡി) | ശ്രീ. ലിന്റോ പൗലോസ് സമർപ്പിച്ച അപേക്ഷയിൽ സുജിത് കുമാർ പി.യുടെ ഒഴിവ് പി.എസ്.സിയെ അറിയിക്കണമെന്നായിരുന്നു. ടി. ഒഴിവ് എൻ.ജെ.ഡി. ഒഴിവായി പി.എസ്.സിയെ അറിയിച്ചിട്ടുണ്ട്. അതേ സമയം 90-ാം റാങ്ക്കാരനായ ലിന്റോ പൗലോസിന് നിയമന ശുപാർശ നൽകുവാൻ വേണ്ട ഒഴിവുകളൊന്നും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ടിയാൾക്ക് എന്നത്തേക്ക് നിയമനം ലഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ഒഴിവുകൾക്കനുസൃതമായാണ് റൊട്ടേഷൻ തയ്യാറാക്കുന്നത് എന്നതിനാൽ നിയമന ശിപാർശ സംബന്ധിച്ച വിവരം മുൻകൂട്ടി പറയുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ